"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീമതി.ജോളി എ സമർപ്പിച്ച ഒ എ 1196/2025ലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2002/2025/LSGD തീയതി,തിരുവനന്തപുരം, 12-08-2025

പരാമർശം:-

1. 16.03.2024ലെ സ ഉ (കൈ) നം.46/2024/എൽഎസ്ജിഡി
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.11.2024ലെ LSGD/PD/12509/2023- DEB3 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.03.2025ലെ LSGD/PD/12509/2023-DEB3 നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.03.2025ലെ LSGD/PD/9694/2025-DEB3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2025ലെ LSGD/PD/19915/2025-DEb3 നമ്പർ നടപടിക്രമം(അനക്ഷർ എ1)
6. ശ്രീമതി.ജോളി എ ജെ ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച 03.07.2025ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ7)
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.07.2025ലെ LSGD/PD/21799/2025-LL2 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീമതി.ജോളി എ ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 1196/2025ലെ 07.06.2025ലെ അന്തിമ ഉത്തരവിൽ പരാമർശം (6) പ്രകാരമുള്ള അപ്പീൽ അപേക്ഷ ഒരു മാസത്തിനുള്ളിൽ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2.തദ്ദേശസ്വയംഭരണ വകുപ്പിലെ 2025-ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രസിദ്ധീകരിച്ച പരാമർശം (5) പ്രകാരമുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീമതി.ജോളി എ ജെ ഓൺലൈൻ പോർട്ടൽ മുഖേന ഫയൽ ചെയ്ത അപ്പീൽ അപേക്ഷയാണ് പരാമർശം (6) . ശ്രീമതി.ജോളി എ ജെ -ക്ക് പരാമർശം (2) പ്രകാരം അക്കൗണ്ടന്റ്/ഹെഡ് ക്ലർക്കായി പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ടിയാളെ പോസ്റ്റ് ചെയ്യുകയും ടിയാൾ 09.12.2024ൽ അവിടെ

ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും 07.01.2025 മുതൽ ടിയാൾ ആരോഗ്യപരമായ കാരണങ്ങളാൽ അർദ്ധവേതനാവധിയിൽ ആയിരുന്നുവെന്നും തുടർന്ന് പ്രസ്തുത ഒഴിവ് നികത്തിയെന്നും തുടർന്ന് ടിയാളുടെ ഹോം ജില്ലയായ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലാണ് ടിയാൾക്ക് 24.03.2025ൽ നിയമനം നൽകിയതെന്നും എന്നാൽ കരട് സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ടിയാളുടെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ 9 ദിവസത്തെ സീനിയോരിറ്റി മാത്രമാണ് പരിഗണിച്ചതെന്നും അരൂർ ഗ്രാമപഞ്ചായത്തിലെ 116 ദിവസത്തെ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റി പരിഗണിച്ചില്ലെന്നും സ്ഥലംമാറ്റ ചട്ടങ്ങൾ പ്രകാരം പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ഏത് ഓഫീസിലാണോ അപേക്ഷകൻ ജോലി ചെയ്യുന്നത് ആ ഓഫീസിൽ നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അതത് വർഷം മാർച്ച് 31 വരെയുള്ള കാലയളവാണ് സ്റ്റേഷൻ സീനിയോരിറ്റിയായി കണക്കാക്കുന്നതെന്നും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ലീവ് ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിക്ക് കണക്കിലെടുക്കുമെന്നും ആയതിനാൽ 28.11.2023 മുതൽ 23.03.2025 വരെയുള്ള 116 ദിവസത്തേക്ക് ടിയാളുടെ സീനിയോരിറ്റി കണക്കാക്കണമെന്നും എന്നാൽ കൃ ലിസ്റ്റിൽ 9 ദിവസത്തെ സീനിയോരിറ്റി മാത്രമേ കണക്കാക്കിയിട്ടുള്ളൂ എന്നും ആയതിനാൽ ടിയാൾക്ക് 116 ദിവസത്തെ സീനിയോരിറ്റി അനുവദിച്ച് ടിയാൾ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്റ്റേഷനിൽ/ഓഫീസിൽ ടിയാൾക്ക് നിയമനം നൽകണമെന്നതാണ് പരാമർശം (6) പ്രകാരമുള്ള അപ്പീൽ അപേക്ഷയിലെ ആവശ്യം.

3. ടി അപ്പീൽ അപേക്ഷയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ പരാമർശം (7) പ്രകാരം ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി ജോളി.എ ജെ- ക്ക് ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിൽ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടിയാൾ 09/12/2024 തീയതി അരൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. തുടർന്ന് ശ്രീമതി ജോളി.എ ജെ ശാരീരിക ബുദ്ധിമുട്ട് കാരണം 07/01/2025 തീയതി മുതൽ 20/03/2025 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർദ്ധ വേതനാവധിയിൽ പ്രവേശിച്ചിരുന്നു. അക്കൗണ്ടന്റിന്റെ അഭാവം പഞ്ചായത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി അരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 05.02.2025ലെ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവ് പരാമർശം (3) പ്രകാരം നികത്തിയിട്ടുള്ളതുമാണ്. ശ്രീമതി ജോളി എ ജെ അസുഖം ഭേദമായതിനെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അനുയോജ്യമായ സ്റ്റേഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മെഡിക്കൽഫിറ്റ്നസ് സർട്ടിഫിക്കറ്റ് സഹിതം 21.03.2025ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ അപേക്ഷ സമർപ്പിച്ചിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ "തദ്ദേശ സ്വയം ഭരണ വകുപ്പിൽ പൊതു സ്ഥലമാറ്റത്തിനുള്ള നടപടികൾ നടന്നുവരുന്നതിനാൽ പൊതു സ്ഥലമാറ്റത്തിന്റെ അന്തിമ കൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റ നൽകുന്നതിനായി ശ്രീമതി ജോളി എ ജെ-യുടെ നിയമനം പുനഃപരിശോധിക്കുന്നതും പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളെ സ്ഥലംമാറ്റേണ്ടതുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനു ടിയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും ഇത്തരത്തിൽ പുനഃപരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതെ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും പരിഗണിക്കുന്നതല്ല എന്നുമുള്ള നിബന്ധനയിൽ ഹെഡ്ക്ലാർക്ക് / സീനിയർഎക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടായിരുന്ന തിരുവനന്തപുരം

ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ശ്രീമതി ജോളി.എ ജെ- യെ പരാമർശം (4) പ്രകാരം നിയമിച്ചിരുന്നു . എന്നാൽ ശ്രീമതി ജോളി. എ ജെ ഈ ഉത്തരവിന് എതിരെ ആക്ഷേപങ്ങൾ ഒന്നും തന്നെ ഉന്നയിച്ചിട്ടില്ലാത്തതും ടിയാൾ 24.03.2025 തീയതി മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

5. 2025ലെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്ന സമയം ശ്രീമതി ജോളി. എ. ജെ അവധിയിൽ ആയിരുന്നതിനാൽ അരുവർ ഗ്രാമപഞ്ചായത്തിൽ പരാമർശം (3) പ്രകാരം ശ്രീമതി.ശ്രീജ കെ എസ് എന്നയാളെ നിയമിച്ചിട്ടുള്ളതാണ്. പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ശ്രീമതി ജോളി. എ ജെ അരുവർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ ഇല്ലായിരുന്നു. ശ്രീമതി ജോളി. എ ജെ - അവധിക്ക് ശേഷം പുതുതായി ജോലിയിൽ പ്രവേശിച്ച സ്റ്റേഷനിൽ നിന്നാണ് പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

6."പൊതു സ്ഥലംമാറ്റത്തിന്റെ ക്യൂ ലിസ്റ്റ് വഴി അല്ലാതെ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുള്ള ഒഴിവുകളിലേക്കും അവധി / അന്യത്ര സേവനം/സസ്പെൻഷൻ/ അനധികൃത ഹാജരില്ലായ്മ എന്നിവയ്ക്ക് ശേഷമുള്ള നിയമനം വഴി തൊട്ടടുത്ത പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി നികത്തപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്കും പൊതുസ്ഥലംമാറ്റത്തിൽ മറ്റ് ജീവനക്കാർ അപേക്ഷിക്കുന്നപക്ഷം ടി ഒഴിവുകളിൽ നിയമിതരായ ജീവനക്കാർ സ്ഥലംമാറ്റത്തിന് വിധേയരാക്കപ്പെടുന്നതാണെന്നും അപ്രകാരം സ്ഥലംമാറ്റത്തിന് വിധേയരാക്കപ്പെടുന്ന ജീവനക്കാർക്കും നിലവിലുള്ള പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണെന്നും ടി ജീവനക്കാരെ ജൂനിയറായി കണക്കാക്കേണ്ടതും അവർക്കായി പ്രത്യേകം ക്യൂ ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണെന്നും ടി ജീവനക്കാരെ, പൊതുസ്ഥലംമാറ്റത്തിന് അർഹരായ മറ്റ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയശേഷം ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രം പരിഗണിക്കുന്നതാണെന്നും" പൊതുസ്ഥലമാറ്റത്തിനുള്ള പരാമർശം (1) ലെ ഖണ്ഡിക (1) (എൻ) - ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീമതി.ജോളി. എ ജെ സ്ഥാനകയറ്റം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ലീവിൽ നിന്നും പുനപ്രവേശിച്ചതിന്റെ അടിസ്ഥാനത്തിലും ജൂനിയർ കമ്പൽസറി വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരിയാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി ജോളി എ ജെ പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തുലേക്ക് സ്ഥലംമാറ്റപ്പെട്ടിട്ടുള്ളത്. ശ്രീമതി ജോളി.എ ജെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള സ്റ്റേഷനുകളിൽ അപേക്ഷിച്ചിട്ടുള്ള, ടിയാളെക്കാൾ അർഹതയുള്ള ജീവനക്കാർ ക്യൂ ലിസ്റ്റിൽ ശേഷിക്കുന്നുണ്ട്. ടി സ്റ്റേഷനുകളിൽ തുടർന്ന് ഉണ്ടാകുന്ന ഒഴിവുകളിലും മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ സ്ഥലംമാറ്റം നടത്തുവാൻ സാധിക്കുകയുള്ളൂ.

8.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ശ്രീമതി ജോളി. എ ജെ അരുവർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ ഇല്ലായിരുന്നു. ശ്രീമതി ജോളി. എ ജെ - അവധിക്ക് ശേഷം പുതുതായി ജോലിയിൽ പ്രവേശിച്ച സ്റ്റേഷനിൽ നിന്നാണ് പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ ടിയാളുടെ അരുവർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സ്റ്റേഷൻ സീനിയോരിറ്റി കണക്കിലെടുക്കണമെന്ന വാദം പരിഗണിക്കാവുന്നതല്ല.

9.ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (7) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ജോളി എ ജെ സമർപ്പിച്ച പരാമർശം (6) അപ്പീൽ അപേക്ഷ നിരസിച്ചും അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ

എ 1196/2025ലെ അന്തിമ ഉത്തരവ് പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1.ശ്രീമതി.ജോളി എ ജെ ,അക്കൗണ്ടന്റ് , മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം (ആമുഖ കത്ത് സഹിതം)

3.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

5 .ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.സെക്രട്ടറി,മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

7.ഡയറക്ടർ . ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9കരുതൽ ഫയൽ (ഫയൽ നം.171/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 13-08-2025 10:38:54

സെക്ഷൻ ഓഫീസർ